Reg. No. : ...............................

Name : ...................................

**V Semester B.A. Degree (C.B.C.S.S. – O.B.E.-Regular/Supplementary/ Improvement) Examination, November 2025**
**(2019 to 2023 Admissions)**
**CORE COURSE IN MALAYALAM**
**5B08MAL : നോവൽ സാഹിത്യം**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) 'ആവർത്തനപുസ്തകം' ദളിത് സാമൂഹ്യ സ്വത്വത്തിന്റെ പ്രതിസന്ധിയെയും പ്രതീക്ഷകളെയും പ്രതിരോധത്തെയും അവതരിപ്പിക്കുന്നതിൽ എത്രത്തോളം വിജയിച്ചിരിക്കുന്നു ? ചർച്ച ചെയ്യുക.

2) ഫ്രഞ്ച് ഭരണത്തിൽ നിന്ന് ഇന്ത്യൻ യൂണിയനിലേക്കുള്ള മയ്യഴിയുടെ മാറ്റം മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.

3) മനുഷ്യൻ നേരിടുന്ന ജാതിവിവേചനം, സാമൂഹിക അസമത്വം, തൊഴിൽപരമായ വിവേചനം തുടങ്ങിയ വിഷയങ്ങളെ 'തോട്ടിയുടെമകൻ' ചർച്ചാവിഷയം ആക്കുന്നുണ്ടോ ? പരിശോധിക്കുക.

4) സി. വി. രാമൻപിള്ളയുടെ സ്ത്രീകഥാപാത്രങ്ങളുടെ വ്യക്തിത്വം വിലയിരുത്തുക.

II. **നാല്** ചോദ്യങ്ങൾക്ക് **150** വാക്കിൽ ഉത്തരമെഴുതുക. **(4×3=12)**

5) 'ഇന്ദുലേഖ'യിൽ നിന്നും വായിച്ചെടുക്കാവുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാളിസമൂഹത്തെ പരിചയപ്പെടുത്തുക.

6) ബഷീറിന്റെ ഹാസ്യാത്മക രചനാശൈലിയുടെ തീക്ഷ്ണത ആനവാരിയും പൊൻകുരിശും എന്ന നോവലിൽ പ്രത്യക്ഷപ്പെടുന്നത് എങ്ങനെ ?

7) നൈനിറ്റാളിന്റെ പ്രകൃതിയും കാലാവസ്ഥയും മഞ്ഞ് എന്ന നോവലിന്റെ ഭാവാവിഷ്കാരത്തിൽ വഹിക്കുന്ന പങ്ക് വിശകലനം ചെയ്യുക.

8) മാജിക്കൽ റിയലിസം മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിന്റെ ആഖ്യാനത്തെ സ്വാധീനിക്കുന്നത് എങ്ങനെ ?

P.T.O.



9) 'ഊരുകാവലി'ലെ അംഗദന്റെ അന്തസ്സംഘർഷങ്ങൾ വിവരിക്കുക.

10) "ക്ഷൗരം എന്നത് ഒരു തൊഴിൽ അല്ല, പദവിയിലുള്ള അധമത്വമാണ് .." നോവലിനെ ആസ്പദമാക്കി സമർത്ഥിക്കുക.

III. **നാല്** ചോദ്യങ്ങൾക്ക് **100** വാക്കിൽ ഉത്തരമെഴുതുക. **(4×2=8)**

11) സൂരിനമ്പൂതിരിപ്പാടിൽ പ്രതിഫലിക്കുന്ന പാരമ്പര്യവ്യവസ്ഥയുടെ ചിഹ്നങ്ങൾ എന്തെല്ലാം ?

12) അനന്തപത്മനാഭൻ പടത്തലവനെ പരിചയപ്പെടുത്തുക.

13) "പത്തു ദിവസേ നമുക്ക് സുഖിക്കാനുള്ളൂ" എന്ന ചുടലമുത്തുവിന്റെ പ്രസ്താവനയിലെ സാമൂഹികയാഥാർത്ഥ്യം പരിശോധിക്കുക.

14) മോഷണകലയിൽ ആനവാരി രാമൻനായർക്കും പൊൻകുരിശ് തോമയ്ക്കും ഉള്ള അന്തരം എന്തൊക്കെ ?

15) സർദാർജിയുടെ സാമീപ്യം വിമലയിൽ വരുത്തുന്ന മാറ്റങ്ങൾ എന്തെല്ലാം ?

16) "ആവർത്തനപുസ്തക'ത്തിന്റെ രാഷ്ട്രീയലക്ഷ്യം ഒറ്റ ഷോട്ടിൽ സാക്ഷാത്കരിക്കാൻ നോവലിലെ ആദ്യ ദൃശ്യം കൊണ്ടു തന്നെ സാധിക്കുന്നു" ദൃശ്യമേതെന്ന് വ്യക്തമാക്കി പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

IV. **നാല്** ചോദ്യങ്ങൾക്ക് കുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) കല്യാണിക്കുട്ടി

18) ദാസൻ

19) ആധുനികോത്തര സാഹിത്യം

20) ബോധധാരാസമ്പ്രദായം

21) ചരിത്രനോവൽ

22) സാറാ ജോസഫ്.

---